*⇨ പശ്ചിമഘട്ട സംരക്ഷണം പാപമാണെന്ന് നമ്മൾ തീരുമാനിച്ചുകഴിഞ്ഞു ⇨*

# കരടായിമാറിയ കരട്‌വിജ്ഞാപനം

ജനവാസമേഖലകളും കൃഷിയിടങ്ങളും തോട്ടങ്ങളും അല്ലാത്ത സംരക്ഷിത വനപ്രദേശം മാത്രം ഇ.എസ്.എ ആക്കുകയാണ് കസ്തൂരിരംഗൻ റിപ്പോർട്ടിനെ തുടർന്നുണ്ടായ കരട് വിജ്ഞാപനം ചെയ്തിരിക്കുന്നത്. നിലവിലുള്ള സംവിധാനത്തിൽ ഒരു മാറ്റവും വരുത്താതെ കുറേ പ്രദേശങ്ങൾ ഇ.എസ്.എ ആയി പ്രഖ്യാപിക്കുന്നത് ജനങ്ങളെ വിഡ്ഢികളാക്കുന്ന നടപടിയാണ്.

**■ എസ്.പി. രവി**

**ഒടുവിൽ** കസ്തൂരിയിൽ കരടായിരിക്കുന്നു. കരടായിരിക്കുന്നത് വാസ്തവത്തിൽ നമ്മുടെ ജനാധിപത്യത്തിലാണ്; സമൂഹമനഃസാക്ഷിയിൽ തന്നെയാണ്. ഈ കരട് (അന്തിമ വിജ്ഞാപനത്തിലൂടെ) സ്വീകരിക്കപ്പെടുകയാണെങ്കിൽ അത് പശ്ചിമഘട്ട സംരക്ഷണ ശ്രമങ്ങളുടെ ഭ്രൂണഹത്യതന്നെയായിരിക്കും.

പരിസ്ഥിതി സംരക്ഷണവും മനുഷ്യപുരോഗതിയും ഒരുമിച്ചുകൊണ്ടുപോകുന്നതിനുള്ള സാധ്യത തേടുന്നതായിരുന്നു പശ്ചിമഘട്ട പരിസ്ഥിതി വിദഗ്ധ സമിതി റിപ്പോർട്ട്. ഈ റിപ്പോർട്ട് ചിലരുടെയെങ്കിലും കണ്ണിലെ കരടായപ്പോഴാണല്ലോ കസ്തൂരിരംഗൻ (ഉന്നതതല പ്രവർത്തക സമിതി) നിലവിൽ വന്നത്. പശ്ചിമഘട്ടത്തിലെ 63 ശതമാനം പ്രദേശത്തും ഒരുതരത്തിലുമുള്ള നിയന്ത്രണങ്ങളുമില്ലാതെ മനുഷ്യഇടപെടലിന് പച്ചക്കൊടി കാണിക്കുകയായിരുന്നു കസ്തൂരിരംഗൻ സമിതി. (കരട് വിജ്ഞാപനത്തിൽ ഇത് 65 ശതമാനത്തിൽ അധികമായിമാറി. അന്തിമവിജ്ഞാപനം വരുമ്പോൾ ഇനിയും വർദ്ധിക്കാം). ഇതിനെതിരെ പോലും കേരളത്തിലെ ചില ഭാഗങ്ങളിൽ ചിലർ പടവാളെടുത്തപ്പോൾ ഉമ്മൻ.വി. ഉമ്മൻ കമ്മിറ്റി വന്നു. പരിസ്ഥിതി സംരക്ഷണം അശ്ലീലമാണോ എന്ന് സംശയിക്കുന്ന വിധത്തിലാണ് അവരുടെ റിപ്പോർട്ട്. ചില നിയമങ്ങൾ കൂടി എടുത്തുകളയണമെന്നാണ് ആ കമ്മിറ്റി ആവശ്യപ്പെട്ടത്. ജനങ്ങൾ താമസിക്കുകയും കൃഷിചെയ്യുകയും ചെയ്യുന്ന പ്രദേശങ്ങളിലൊന്നും പരിസ്ഥിതി സംരക്ഷണത്തിന് വേണ്ട നിയന്ത്രണങ്ങൾ പാടില്ലെന്നാണ് അവർ പറഞ്ഞത്. ഈ നിർദ്ദേശങ്ങൾ ഇപ്പോഴത്തെ കരട് വിജ്ഞാപനത്തിൽ അംഗീകരിക്കപ്പെട്ടിരിക്കുന്നു. പശ്ചിമഘട്ട സംരക്ഷണം പാപമാണെന്ന് നമ്മൾ തീരുമാനിച്ചുകഴിഞ്ഞു. അടുത്തത് തീരദേശ സംരക്ഷണവുമായി ബന്ധപ്പെട്ട വിജ്ഞാപനമാണ്. അതിനെതിരെ നീക്കങ്ങൾ തുടങ്ങിക്കഴിഞ്ഞു. നമ്മുടെ മുഖ്യമന്ത്രി അതിന് പിന്തുണ അറിയിച്ചുകൊണ്ട് നയം വ്യക്തമാക്കിയിരിക്കുന്നു. ഇനി കേന്ദ്രതലത്തിൽ പരിസ്ഥിതി സംരക്ഷണ നിയമവും വിവിധ മലിനീകരണ നിയന്ത്രണ നിയമങ്ങളും സംസ്ഥാനത്ത് നെൽവയൽ നീർത്തട സംരക്ഷണ നിയമവും ഉൾപ്പെടെയുള്ളവയെല്ലാം എടുത്തുകളഞ്ഞാൽ നമ്മൾ സർവ്വസ്വതന്ത്രരായി.

പരിസ്ഥിതി സംരക്ഷണവും പരിസ്ഥിതി പുനഃസ്ഥാപനവും പരിസ്ഥിതിക്കിണങ്ങുന്ന ജീവിതവും സാങ്കേതികവിദ്യകളുമെല്ലാം ഇന്ന് ലോകത്ത് ഏറ്റവുമധികം ചർച്ചചെയ്യപ്പെടുന്ന വിഷയങ്ങളിൽ ഒന്നാണ്. പ്രകൃതിയെ നശിപ്പിച്ചുകൊണ്ടുള്ള സ്വാർത്ഥതയിലധി

⇨ *മാധ്യമങ്ങളും ഈ അന്തരീക്ഷ മലിനീകരണത്തിൽ തങ്ങളുടേതായ പങ്കുവഹിക്കുന്നുണ്ട്* ⇨

ഷ്ഠിതമായ വികസനം പരിസ്ഥിതി സന്തുലനത്തിനും സമൂഹത്തിന്റെ താഴെത്തട്ടിലുള്ള ജനങ്ങളുടെ ജീവിതത്തിനും ജീവനത്തിനും വലിയ ആഘാതങ്ങളാണേൽപ്പിക്കുന്നത്. മാറുന്ന കാലാവസ്ഥയായും വലിയ പ്രകൃതിദുരന്തങ്ങളായും അന്നവും ജലവും ഉൾപ്പെടെയുള്ളവയുടെ ദൗർലഭ്യമായും മലിനമാകുന്ന മണ്ണും വായുവും ജലവുമായെല്ലാം നമ്മൾ അനുഭവിച്ചുകൊണ്ടിരിക്കുന്നത് ഈ വികസനത്തിന്റെ പ്രത്യാഘാതങ്ങളാണ്. സർവ്വനാശത്തിന്റെ പാതയിലൂടെയുള്ള ഈ പ്രയാണം ഇനിയും തുടർന്നാൽ പിന്നീടൊരു തിരിച്ചുപോക്ക് അസാധ്യമാകുമെന്ന് വ്യക്തമായ മുന്നറിയിപ്പുകൾ വന്നുകഴിഞ്ഞു.

പശ്ചിമഘട്ട സംരക്ഷണത്തെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ വേണ്ടി ഡോ. കസ്തൂരിരംഗന്റെ നേതൃത്വത്തിലുള്ള ഉന്നതതല പ്രവർത്തക സമിതിയെ നിയോഗിച്ചു എന്ന തെറ്റായ പ്രസ്താവനയോടെയാണ് പശ്ചിമഘട്ട പരിസ്ഥിതി ലോല മേഖലയെ സംബന്ധിച്ച കരട് വിജ്ഞാപനം ഇറക്കിയിരിക്കുന്നത്



പക്വമായ ഒരു ജനാധിപത്യ സംവിധാനത്തിൽ അടുത്ത് അഞ്ച് വർഷം നാടുഭരിക്കുന്നവരെ നിശ്ചയിക്കുന്ന തെരഞ്ഞെടുപ്പിൽ ഇക്കാര്യങ്ങളെല്ലാം ചർച്ച ചെയ്യപ്പെടുമെന്നാണ് പ്രതീക്ഷിക്കേണ്ടത്. ഇന്ത്യയിലെ സ്ഥിതി പക്ഷെ വ്യത്യസ്തമാണ്. പരസ്പരമുള്ള ചെളിവാരിയെറിയലിലൂടെയും കുതികാൽവെട്ടിലൂടെയും രാഷ്ട്രീയകക്ഷികളുടെ മൂല്യശോഷണം ഒരുപക്ഷെ ഏറ്റവും കൂടുതൽ പ്രകടമാകുന്നത് തെരഞ്ഞെടുപ്പ് വേളകളിലാണ്. മാധ്യമങ്ങളും ഈ അന്തരീക്ഷ മലിനീകരണത്തിൽ തങ്ങളുടേതായ പങ്കുവഹിക്കുന്നുണ്ട്. ഇതിനിടയിൽ ഭരണത്തിന്റെ ദിശ നിശ്ചയിക്കുന്ന ഗൗരവമാർന്ന വിഷയങ്ങൾ സമ്മതിദായകരിൽ നിന്നും മറച്ചുവയ്ക്കുന്നതിൽ എല്ലാവരും വിജയിക്കുന്നു. അഞ്ചുവർഷ കാലാവധിക്ക് അപ്പുറമുള്ള ഭാവിയെ ബാധിക്കുന്ന പരിസ്ഥിതി സംരക്ഷണം ഇന്ത്യയിലെ തെരഞ്ഞെടുപ്പിൽ ഒരു വിഷയമേ അല്ലാതായിരിക്കുന്നത് ഗൗരവപൂർണ്ണമായ വിഷയങ്ങളുടെ ഈ തമസ്കരണം മൂലമാണ്. കേരളത്തിലാകട്ടെ ഒരുപടികൂടി കടന്ന് പശ്ചിമഘട്ട സംരക്ഷണത്തിനെതിരെ പ്രവർത്തിക്കുന്നവരെ പ്രീണിപ്പിക്കാനുള്ള ശ്രമത്തിലാണ് പ്രധാന പാർട്ടികളും മുന്നണികളും.

സംസ്ഥാനത്തെ വോട്ടർമാരിൽ മൂന്ന് ശതമാനത്തോളം പേരായിരിക്കും ഇടുക്കി പാർലമെന്റ് മണ്ഡലത്തിൽ ഉണ്ടാകുക. ഇതിൽ ഉറച്ച പാർട്ടി വോട്ടുകൾ മാറ്റിവച്ചാൽ പശ്ചിമഘട്ട സംരക്ഷണ റിപ്പോർട്ടുകളിലെ നിലപാടിനനുസൃതമായി വോട്ടുചെയ്യുന്നവർ ഒരു ശതമാനത്തിന് അപ്പുറം വരുമോ? എന്നാൽ കേരള രാഷ്ട്രീയത്തെയാകെ ഇവിടെ സമരം ചെയ്യുന്നവർ മുൾമുനയിൽ നിർത്തുകയായിരുന്നു എന്നാണ് പത്ര, ദൃശ്യ മാധ്യമങ്ങൾ പറയുന്നത്. പശ്ചിമഘട്ട സംരക്ഷണത്തിന് അനുകൂലമായ (ജനങ്ങൾക്ക് എതിരല്ലാത്ത) നിലപാടെടുത്ത സിറ്റിംഗ് എം.പിക്ക് യു.ഡി.എഫ് സീറ്റ് നിഷേധിച്ചപ്പോൾ ഇന്നലെ വരെ തങ്ങളുടെ രാഷ്ട്രീയവുമായി ഒരു ബന്ധവുമില്ലാതിരുന്ന സമരസമിതിക്കാരനെത്തന്നെ സ്ഥാനാർത്ഥിയാക്കി എതിരാളിയെ കടത്തിവെട്ടിയതിന്റെ ചാരിതാർത്ഥ്യത്തിലാണ് എൽ.ഡി.എഫ്. പരിസ്ഥിതിയെ സംരക്ഷിക്കലല്ല തങ്ങളുടെ അജണ്ടയെന്ന് ഈ നടപ

ടിയിലൂടെ ഭരണ-പ്രതിപക്ഷകക്ഷികൾ വ്യക്തമാക്കിയിരിക്കുന്നു. പശ്ചിമഘട്ട സംരക്ഷണം സംസ്ഥാനത്തിന്റെ മൊത്തം നിലനിൽപ്പിന് അത്യാവശ്യമാണെന്നിരിക്കെ ഹൈറേഞ്ച് സംരക്ഷണ സമിതിക്ക് വഴങ്ങുന്നതാണോ അതോ സത്യത്തിന്റെ പക്ഷത്ത് നിൽക്കുന്നതാണോ മറ്റ് മണ്ഡലങ്ങളിലെ നിഷ്പക്ഷ വോട്ടർമാരെ സ്വാധീനിക്കുക എന്ന് വിലയിരുത്താനുള്ള പ്രാഥമികമായ ശ്രമം പോലും രണ്ടുകൂട്ടരും നടത്തിയിട്ടില്ല. തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തിന്റെ ചട്ടക്കൂടിലൊതുങ്ങേണ്ടതല്ല പശ്ചിമഘട്ട സംരക്ഷണം. പക്ഷെ തെരഞ്ഞെടുപ്പിന് മുന്നോടിയായുള്ള സമ്മർദ്ദങ്ങളുടെയും വിലപേശലുകളുടെയും (അതോ ബ്ലാക്ക്മെയിലിംഗോ?) ഭാഗമായാണ് ഇപ്പോൾ കരട് വിജ്ഞാപനം ഇറങ്ങിയിരിക്കുന്നത്. ഇത് തികച്ചും നിർഭാഗ്യകരമായ അവസ്ഥയാണ്. സത്യത്തിന്റെ പിൻബലത്തോടെ ഈ സമ്മർദ്ദങ്ങളെ മറികടക്കാൻ ഇവിടുത്തെ രാഷ്ട്രീയപാർട്ടികൾക്ക് കഴിയുമായിരുന്നു. സമരത്തിന് പിന്നിലെ സ്ഥാപിത താത്പര്യങ്ങളെ തുറന്ന് കാണിക്കാനും ഇവർക്കാകുമായിരുന്നു. എന്നാൽ അതിന് തയ്യാറാകാതിരുന്നതിലൂടെ തങ്ങളുടെ കൂറ് എവിടെയായിരുന്നു എന്ന് പറയുകയായിരുന്നില്ലേ ഈ രാഷ്ട്രീയ നേതൃത്വങ്ങൾ?

പശ്ചിമഘട്ട സംരക്ഷണത്തെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ വേണ്ടി ഡോ. കസ്തൂരിരംഗന്റെ നേതൃത്വത്തിലുള്ള ഉന്നതതല പ്രവർത്തക സമിതിയെ നിയോഗിച്ചു എന്ന തെറ്റായ പ്രസ്താവനയോടെയാണ് പശ്ചിമഘട്ട പരിസ്ഥിതി ലോല മേഖലയെ സംബന്ധിച്ച കരട് വിജ്ഞാപനം ഇറക്കിയിരിക്കുന്നത്. കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം പശ്ചിമഘട്ടത്തെക്കുറിച്ച് പഠിക്കാൻ നിയോഗിച്ചത് ഗാഡ്ഗിൽ കമ്മിറ്റിയെയായിരുന്നല്ലോ. ഈ കമ്മിറ്റിയുടെ റിപ്പോർട്ടിന് മേൽ ഉയർന്നുവന്ന ആശങ്കകൾ പരിഗണിച്ച് ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കാൻ ആവശ്യമായ നിർദ്ദേശങ്ങൾ നൽകാനാണ് കസ്തൂരിരംഗൻ സമിതിയെ നിയോഗിച്ചിരുന്നത്. എന്നാൽ ഗാഡ്ഗിൽ കമ്മിറ്റി എന്ന ഒന്ന് നിലവിൽ ഉണ്ടായിരുന്നതായിപ്പോലും കരട് വിജ്ഞാപനത്തിൽ പറയുന്നില്ല.

കേരളത്തെ സംബന്ധിച്ച് നിലവിൽ ഇറക്കിയിരിക്കുന്ന വിജ്ഞാപനം തീർത്തും നിഷ്ഫലമാണ്. സംസ്ഥാനത്തെ പരിസ്ഥിതി ലോല മേഖലയുടെ വിസ്തൃതി 13,108 ച.കി. മീറ്ററായാണ് കസ്തൂരിരംഗൻ സമിതി കണക്കാക്കിയിരുന്നത്. ഇത് 9993.7 ച.കി.മീറ്ററായി കുറച്ചുകൊണ്ടുള്ള ഉമ്മൻ.വി. ഉമ്മൻ കമ്മിറ്റി റിപ്പോർട്ട് അംഗീകരിക്കുന്നതായി കരട് വിജ്ഞാപനത്തിൽ പറയുന്നുണ്ട്. ഇതിൽ 91 ശതമാനത്തിൽ അധികവും വനഭൂമിയാണ്. ഇ.എസ്.എ ആയി പ്രഖ്യാപിക്കുന്ന പ്രദേശങ്ങളിൽ നാല് കാര്യങ്ങൾ നിരോധിക്കണമെന്നാണ് കരട് വിജ്ഞാപനം പറയുന്നത്. (നേരത്തെ ഇറങ്ങിയ ഓഫീസ് മെമ്മോറാണ്ടത്തിലും ഇതുതന്നെയാണ് പറയുന്നതും).

ഖനനം, പാറപൊട്ടിക്കൽ, മണൽവാരൽ എന്നിവയ്ക്ക് പുതുതായി അനുമതി നൽകരുത്. നിലവിലുള്ള ഖനികൾ പരമാവധി അഞ്ച് വർഷത്തിനുള്ളിൽ നിർത്തലാക്കണം എന്നതാണ് ഒന്നാമത്തേത്. പുതുതായി താപനിലയങ്ങൾ അനുവദിക്കരുത്. പുതുതായി ചുവപ്പ് പട്ടികയിലുള്ള വ്യവസായങ്ങൾക്ക് അനുമതി നൽകരുത്. 20,000 ച.മീറ്ററിലും വലിപ്പമുള്ള കെട്ടിടങ്ങളും 1,50,000 ച.മീറ്ററിൽ കൂടുതലുള്ള ടൗൺഷിപ്പുകളും പാടില്ല എന്നിവയാണ് ഈ നിബന്ധനകൾ. വനത്തിനുള്ളിൽ നിലവിലെ നിയമങ്ങൾ പ്രകാരം തന്നെ പാടില്ലാത്ത കാര്യങ്ങളാണ് ഇവയെല്ലാം. ജനവാസമേഖലകളും കൃഷിയിടങ്ങളും തോട്ടങ്ങളും അല്ലാത്ത സംരക്ഷിത വനപ്രദേശം ഇ.എസ്.എ ആക്കുന്നതിലൂടെ ഫലത്തിൽ ഒരുമാറ്റവും സംഭവിക്കുന്നില്ല. നിലവിലുള്ള സംവിധാനത്തിൽ ഒരു മാറ്റവും വരുത്താതെ കുറേ പ്രദേശങ്ങൾ ഇ.എസ്.എ ആയി പ്രഖ്യാപിക്കുന്നത് ജനങ്ങളെ വിഡ്ഢികളാക്കുന്ന നടപടിയാണ്. ദേശീയ ഹരിത ട്രിബ്യൂണൽ ഈ വിഷയത്തിൽ ശക്തമായി ഇടപെട്ടില്ലെങ്കിൽ പശ്ചിമഘട്ടത്തിന്റെയും അവിടെ വസിക്കുന്ന ജനങ്ങളുടെയും സുരക്ഷയ്ക്ക് വേണ്ടി 2010ൽ തുടങ്ങിയ പരിശ്രമങ്ങൾക്ക് ഇവിടെ സമ്പൂർണ്ണ പരാജയം സംഭവിക്കും. ■


## ഹിതപരിശോധന

മനുഷ്യർക്ക് വേണ്ടി കാക്കതൊള്ളായിരം രാഷ്ട്രീയ പാർട്ടികളുണ്ട്. എന്നാൽ സ്ത്രീകൾക്ക് ഒരു പാർട്ടിയില്ല. ദളിതർക്കില്ല. പ്രകൃതിക്കുവേണ്ടിയില്ല. കേരളത്തിൽ ഒരു ഗ്രീൻപാർട്ടിക്ക് പ്രസക്തിയുണ്ടോ? അഭിപ്രായങ്ങൾ തേടുന്നു.

**തൃശൂർ സാഹിത്യ അക്കാദമിയിൽ**
**2014 ഏപ്രിൽ 27ന് വൈകീട്ട് 3.30ന്**

*ബന്ധങ്ങൾക്ക്: 9895148998*

## പങ്കാളിയെ തേടുന്നു

വർഷങ്ങളായി നിലനിൽക്കുന്നതും ഗൗരവപൂർണ്ണമായ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്നതുമായ പ്രസിദ്ധീകരണ(വിതരണ)ശാല നിക്ഷേപക പങ്കാളിയെ തേടുന്നു.

*ബന്ധങ്ങൾക്ക്: 9656752582, 8156918616*